(സി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴയിൽ പുതിയതായി അക്വയർ ചെയ്ത പോങ്ങിക്കരയിലെ സ്ഥലത്ത് ഒരു സ്ലിപ്പ്വേയും 5 ബേകളും പണി കഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു വഴി ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുവാനും സർവ്വീസ് റദ്ദാക്കൽ പരമാവധി കുറയ്ക്കുവാനും സാധിക്കും.

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കേരള സർക്കാർ സ്ഥാപനമായ മെമ്പേഴ്സ് 'കെൽ' എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വരികയാണ്. അതു ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം എത്രയുംപെട്ടെന്ന് പൂർത്തിയാക്കത്തക്ക വിധത്തിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

129 (1578) മോട്ടോർ തൊഴിലാളി സഹകരണ സംഘങ്ങൾ

ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മോട്ടോർ തൊഴിലാളി സഹകരണ സംഘങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രതിസന്ധി പരിഹരിക്കുവാൻ മോട്ടോർ തൊഴിലാളി സഹകരണ സംഘങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ഡി) മോട്ടോർ തൊഴിലാളി സഹകരണസംഘങ്ങളുടെ നിർദ്ദേശങ്ങളിൻമേൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു എന്ന് ഗതാഗത വകുപ്പു മന്ത്രിക്ക് 16.7.96-ൽ സമർപ്പിക്കപ്പെട്ട നിവേദനത്തിൽ പറഞ്ഞിട്ടുണ്ട്.

(ബി) 1988-ൽ നിലവിൽവന്ന കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് കൊടുക്കുന്നതിൽ വരുത്തിയ ഉദാരവ്യവസ്ഥകളും സംഘങ്ങൾക്കു ലഭിച്ചുകൊണ്ടിരുന്ന വാഹനനികുതിയിളവ് നിർത്തൽ ചെയ്തതു അനിയന്ത്രിതവും അപ്രതീക്ഷിതവുമായി വർദ്ധിക്കുന്ന ചെലവുകൾക്കു അനുസരിച്ച് ബസ് ചാർജു വർദ്ധനവു ലഭിക്കാതെ വരുന്നതും പെർമിറ്റ് കിട്ടുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹകരണ സംഘങ്ങൾക്ക് പരിഗണനയും നിയമസംരക്ഷണവും വേണ്ടത്ര ഉറപ്പാക്കാത്തതും സംഘങ്ങളുടെ നിലനിൽപ്പിനും പ്രവർത്തനത്തിനും വിഘാതമായി തീരുന്നു എന്നാണ് നിവേദനത്തിൽ ചൂണ്ടികാണിച്ചിട്ടുള്ളത്.

(സി) നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. 1988-ലെ മോട്ടോർ വാഹന നിയമപ്രകാരം പെർമിറ്റുകൾ കൊടുക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.

2. തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വാഹനനികുതി ഇനത്തിൽ 30% ഇളവ് അനുവദിച്ച് കൊടുക്കുക.

3. സർവ്വീസ് ചെലവുകളുടെ വർദ്ധനവിന് ആനുപാതികമായി ബസ് ചാർജു വർദ്ധിപ്പിക്കുക, വിദ്യാർത്ഥികളുടെ കൺസെഷൻ നിരക്ക് 50% ആയി മാറ്റം വരുത്തുക.

4. മോട്ടോർ സഹകരണ സംഘങ്ങൾക്ക് സർക്കാരിൽനിന്ന് അനുവദിക്കുന്ന ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

5. മോട്ടോർ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകി ചേസിസ്, കമ്പനികളിൽ നിന്ന് ലഭ്യമാക്കുക.

(ഡി) നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

130 (1579) കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ യാത്രാക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലകളിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ;

(ഡി) ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(ഇ) ഷെഡ്യൂളുകൾ റദ്ദ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) കാസർഗോഡ് ജില്ലയിലെ ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം കൂടി പരിഗണിച്ച് കൂടുതൽ സർവ്വീസുകൾ പ്രസ്തുത ജില്ലയിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് ദേശസാൽകൃത മേഖലയ്ക്ക് മുൻഗണന നൽകി പരമാവധി സർവീസുകൾ നടത്താൻ കെ.എസ്.ആർ.ടി.സി. ശ്രമിക്കുകയാണ്. പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിൽ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആവശ്യമായ ബസ് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) കണ്ണൂർ - 173

കാസർഗോഡ് - 70

(ഡി) വിവരം ശേഖരിച്ചു വരുന്നു.

145/2010.

LIBRARY ARCHIVES Kerala Legislative Assembly